# അക്കാദമിക
# മാസ്റ്റർ
# പ്ലാൻ

## ജിവിഎച്ച്എസ് എസ്
## കൊടുവള്ളി

## 2025.26

PDF Scanner ACE Scanner

# സ്കൂൾ വിവരങ്ങൾ

1 റവന്യൂ ജില്ല : കണ്ണൂർ

2 സ്കൂൾ കോഡ് : 14007

3 സ്കൂളിന്റെ പേര് : ജിവിഎച്ച്എസ്എസ് കൊടുവള്ളി

4 മേൽവിലാസം: തലശ്ശേരി.[പി.ഒ] കണ്ണൂർ ജില്ല

5 പിൻ കോഡ് : 670101

6 ഫോൺ നമ്പർ : 0490 2320037

7 ഇ മെയിൽ അഡ്രസ്: gvhskoduvally@gmail.com

8 മുനിസിപ്പാലിറ്റി : തലശ്ശേരി

9 വിദ്യാഭ്യാസ ജില്ല : തലശ്ശേരി

10 സബ് ജില്ല : തലശ്ശേരി സൗത്ത്

11 ക്ലാസുകൾ : LKG to VHSE

12 മാനേജ്മെന്റ് : ഗവൺമെന്റ്

13 പഠന മാധ്യമം : മലയാളം, ഇംഗ്ലീഷ്.

PDF Scanner ACE Scanner

## ആമുഖം.

പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരളസർക്കാർ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലാരംഭിച്ച 'സമഗ്ര ഗുണമേന്മ പദ്ധതി" കേരളത്തിലുടനീളമുള്ള സ്കൂളുകളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 2025-26 അധ്യയന വർഷത്തിൽ 'സമഗ്ര ഗുണമേന്മപദ്ധതി' രണ്ടാം ഘട്ടം നീണ്ടുനിൽക്കുന്ന വിവിധ തരത്തിലുള്ള ബോധവത്കരണ പരിപാടികളിലൂടെ കുട്ടികളെ സാമൂഹ്യപ്രതിബദ്ധതയുള്ളവരാക്കി വിവിധ കർമ്മപരിപാടികൾ വിദ്യാഭ്യാസ വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്.

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിച്ച് ഗുണമേന്മ ഉറപ്പുവരുത്തുക, ക്ലാസ് റൂം പഠനത്തിന് അക്കാദമിക കലണ്ടറിനനുസൃതമായി നിശ്ചിത സമയം ഉറപ്പുവരുത്തുക, സ്കൂൾ SRG വഴി സമയബന്ധിതമായ അക്കാദമിക പ്രവർത്തനം പ്ലാൻ ചെയ്യുക. ഓരോ ക്ലാസിലും, വിഷയത്തിലും പാഠ്യപദ്ധതി നിശ്ചയിച്ച ശേഷികൾ കുട്ടികൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക, കുട്ടികൾക്ക് വേണ്ട പഠന പിന്തുണ പരിപാടികൾ സംഘടിപ്പിക്കുക, ഭിന്നശേഷി കുട്ടികൾ, എസ്സി, എസ്ടി മേഖലകൾ, പ്രത്യേക പരിഗണന അർഹിക്കുന്നവർ എന്നിവർക്കുള്ള പദ്ധതികൾ, നിരന്തര മൂല്യനിർണ്ണയ പ്രക്രിയകൾ കാര്യക്ഷമമാക്കുക, കുട്ടികളുടെ സമഗ്ര പഠന പുരോഗതി രേഖ വികസിപ്പിക്കുക ചോദ്യപേപ്പറുകളുടെ പരിഷ്കരണവും വികേന്ദ്രീകരണവും നടപ്പിലാക്കുക. തുടങ്ങിയവ ഈ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി യുപി തലം മുതൽ ഹൈസ്കൂൾ തലം വരെ സബ്ജക്ട് മിനിമം മാർക്ക് ആവിഷ്കരിച്ചിട്ടുണ്ട്. സമഗ്ര ഗുണമേന്മപദ്ധതി കൂടെ പട്ടിക അടുത്ത അധ്യായത്തിൽ ചേർക്കുന്നതാണ്.

**സ്കൂളിനെ സംബന്ധിച്ച്:**

1885-ൽ സ്ഥാപിതമായ ഈ സ്കൂൾ അക്കാദമിക രംഗത്തും കലാകായിക രംഗത്തും ശോഭിച്ചു നിൽക്കുകയാണ്. വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രാവർത്തികമാക്കിക്കൊണ്ട് എല്ലാ സ്കൂൾ പ്രവർത്തനങ്ങളിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പ് വരു

ത്തിയിട്ടുണ്ട്. പ്രീ-പ്രൈമറി മുതൽ ഹയർ സെക്കണ്ടറി വരെയുള്ള ഈ സ്കൂളിൽ 2025-26 അക്കാദമിക വർഷത്തിൽ കരുത്തുറ്റ പ്രവർത്തനങ്ങൾ തുടക്കം കുറിക്കുകയാണ്.

1885-ൽ സ്ഥാപിതമായ ഈ സ്ഥാപനം 140 വർഷത്തെ പാരമ്പര്യം നിലനിർത്തിപ്പോരുന്നുണ്ട്. സാമ്പത്തികമായി സാധാരണയായി പിന്നാക്കം നിൽക്കുന്ന രക്ഷിതാക്കളുടെ മക്കൾ പഠിക്കുന്ന ഈ സ്കൂളിൽ ചിലതരത്തിലുള്ള സാമ്പത്തിക ഭൗതിക പരിമിതികൾ അനുഭവിക്കുന്നുണ്ട്. വിദ്യാർത്ഥികൾ ശാരീരികക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ മൈതാനമില്ല എന്നത് എടുത്തുപറയത്ത പരിമിതിയാണ്.

ആദ്യഘട്ടത്തിൽ ESLC മാത്രമുണ്ടായിരുന്ന ഈ വിദ്യാലയം തുടർന്ന് പ്രൈമറി വിദ്യാലയമായും 1977-78 കാലഘട്ടത്തിൽ ഹൈസ്കൂൾ വിഭാഗമായി ഉയർത്തുകയും ചെയ്തു. 1991-ലാണ് വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചത്. 2021 മുതൽ പ്രീ പ്രൈമറി വിഭാഗവും ആരംഭിച്ചു.

## പ്രീ സ്കൂൾ വിഭാഗം 3⁺, 4⁺

എൽ പി വിഭാഗത്തോട് ചേർന്നാണ് 3⁺ 4⁺ വിഭാഗങ്ങൾ പ്രവർത്തിക്കുന്നത്. സർക്കാരും വിദ്യാഭ്യാസ വകുപ്പും ചേർന്ന് 10 ലക്ഷം രൂപയുടെ സ്റ്റാർസ് പദ്ധതി -ൽ ആരംഭിക്കുകയുണ്ടായി. സ്കൂളിലെ, വർഷങ്ങളായി ഉപയോഗശൂന്യമായി കിടക്കുന്ന സ്ഥലത്ത് വിവിധ കളിഉപകരണങ്ങൾ [മാനസിക, ശാരീരിക ഉല്ലാസത്തിന്] നിർമ്മിച്ചിട്ടുണ്ട്. ദിവസവും 1 പീരിയഡ് 3⁺ 4⁺, LP വിഭാഗം വിദ്യാർത്ഥികൾക്കായി മാനസിക ഉല്ലാസത്തിനായി തുറന്നുകൊടുത്തിട്ടുണ്ട്. അപകട രഹിതമായാണ് പാർക്കിന്റെ നിർമ്മാണം. മഴക്കാലത്ത് പോലും ഉപയോഗിക്കാൻ തക്കവണ്ണം സുരക്ഷിതമായ മേൽക്കൂര നിർമ്മിച്ചിട്ടുണ്ട്. വളരെ കാര്യക്ഷമതയുള്ള അധ്യാപികമാരാണ് ഈ വിഭാഗം കൈകാര്യം ചെയ്യുന്നത്. വായനാദിന ഉദ്ഘാടനത്തിൽ കുട്ടികൾ ചെയ്ത ചില സൃഷ്ടികൾ ജില്ലയിൽ നിന്ന് തെരഞ്ഞെടുത്ത് സംസ്ഥാനത്തിലേക്കയച്ചിട്ടുണ്ട്. പ്രീ പ്രൈമറി കുട്ടികൾക്കായി സംഗീതോപകരണങ്ങൾ വാങ്ങാനും മററനുബന്ധ വസ്തുക്കളും വാങ്ങാനും സർക്കാറിൽ നിന്ന് ഫണ്ട് അനുവദിക്കുകയും അതെല്ലാം കൃത്യമായി വാങ്ങി സൂക്ഷിച്ചിട്ടുണ്ട്.

# പ്രൈമറി വിഭാഗം PRIMARY SECTION LP/UP

1 മുതൽ 4 വരെയുള്ള പ്രൈമറിവിഭാഗം വിദ്യാലയത്തിന്റെ പ്രധാന ഭാഗത്തിന്റെ കിഴക്ക് വശത്തായാണ് സ്ഥിതിചെയ്യുന്നത്. പ്രീ-പ്രൈമറി മുതൽ 4ാം ക്ലാസ്സ് വരെ ഒരേ കെട്ടിടത്തിലാണ് വർക്ക് ചെയ്യുന്നത്. പ്രൈമറി വിഭാഗം 4 Teachers ആണ് സേവനമനുഷ്ഠിക്കുന്നത്. ഈ കെട്ടിടത്തിന് തൊട്ട് വടക്ക് വശത്താണ് പാചകപ്പുര. ഈ കെട്ടിടത്തിന്റെ പുറകുവശത്താണ് 'വർണ്ണക്കൂടാരം' പാർക്ക്. ഭക്ഷണശാലയിൽ മുഴുവൻ കുട്ടികൾക്കും ഒരുമിച്ച് കഴിക്കാനുള്ള സ്ഥല പരിമിതിയുണ്ട്. ബാച്ച് അടിസ്ഥാനത്തിലാണ് ഉച്ചഭക്ഷണത്തിനായി കുട്ടികളെ കൊണ്ടുവരാറുള്ളത്. Noonmeal duty അനുസരിച്ച് അധ്യാപകർ രുചികരമായ ഭക്ഷണം വൃത്തിയായി കുട്ടികൾക്ക് നല്കിവരുന്നുണ്ട്. LKG, LP വിഭാഗം കുട്ടികൾ സ്വതന്ത്രമായി കളിക്കാനുള്ള കളിസ്ഥലം ഇല്ല, എന്നുള്ളത് വലിയൊരു പ്രയാസംതന്നെയാണ്. LP കെട്ടിടത്തിന്റെ മുന്നിലായി 'വിദ്യാവനം' നിർമ്മിക്കാനുള്ള പദ്ധതിയുണ്ട്.

5ാം ക്ലാസ് മുതൽ 7ാം ക്ലാസുവരെ പ്രവർത്തിക്കുന്നത് പ്രധാന കെട്ടിടത്തിന്റെ വടക്ക് വശത്തും LP വിഭാഗത്തിന്റെ പടിഞ്ഞാറുവശത്തുമാണ്- 5 മുറികളുടെ ഈ കെട്ടിടത്തിൽ താഴെ 6ാം ക്ലാസ്, സ്റ്റാഫ് റൂം (UP teachers), Store room എന്നിവയും മുകളിലത്തെ നിലയിൽ 7ാം ക്ലാസ്സും 5ാം ക്ലാസും പ്രവർത്തിക്കുന്നുണ്ട്. 3 അധ്യാപികമാരും 3 അധ്യാപകന്മാരും. (ഹിന്ദി, അറബി, ഉറുദു) എന്നിവരുടെ സേവനമാണ് U.P വിഭാഗത്തിന് ലഭ്യമാകുന്നത്.

അക്കാദമിക കലണ്ടർ പ്രകാരമുള്ള പ്രവർത്തനങ്ങൾ കൃത്യമായി നടത്തിവരുന്നുണ്ട്. സമഗ്ര വിദ്യാഭ്യാസത്തിന്റെ ഭാഗമായി പദ്ധതി പ്രകാരമുള്ള ക്ലാസ്സുകൾ പ്രൊജക്ടറിന്റെ സഹായത്തോടെ വിദ്യാർത്ഥികൾക്ക് പ്രദർശിപ്പിക്കുന്നുണ്ട്. ആഴ്ചയിലൊരിക്കൽ SRG meeting [LP/UP] വിഭാഗം ചേരു

[illegible]

PDF Scanner ACE Scanner

# ഹൈസ്കൂൾ വിഭാഗം 8 to 10

കൊടുവള്ളി സ്കൂളിലെ പ്രധാന കെട്ടിടത്തിലാണ് ഹെഡ്മിസ്ട്രസ് റൂം, സ്റ്റാഫ് റൂം, ഓഫീസ്, ലൈബ്രറി, ലാബ്, ശുചിമുറികൾ എന്നിവ സ്ഥിതി ചെയ്യുന്നത്. ഹെഡ്മിസ്ട്രസ് റൂം, ഓഫീസ്, സ്റ്റാഫ് റൂം, പത്താം തരം AB, പെൺകുട്ടികളുടെ ശൗച്യാലയം, സ്റ്റോർ എന്നിവ ഗ്രൗണ്ട് ഫ്ലോറിലാണ് പ്രവർത്തിക്കുന്നത്. ഒൻപതാം ക്ലാസ്, എട്ടാം ക്ലാസ്, ലൈബ്രറി, സയൻസ് ലാബ് എന്നിവ ഒന്നാം നിലയിലും, എട്ടാം ക്ലാസ്, അറബി, ഉറുദു എന്നീ ക്ലാസുകൾ രണ്ടാം നിലയിലുമാണ് പ്രവർത്തിക്കുന്നത്.

പുതുതായി നിർമ്മിച്ച കെട്ടിടത്തിന്റെ മുൻവശത്ത് ടൈൽസ് പാകിയ പരിമിതമായ ഒരു കളിസ്ഥലമുണ്ട്. പകുതി ഭാഗം ടൈൽസ് പാകിയ ഗ്രൗണ്ടിൽ മുഴുവനും ടൈൽസ് പാകിയാൽ ഭംഗിയായ ഒരു കളിസ്ഥലം നിർമ്മിക്കാവുന്നതാണ്. ഇക്കോ ക്ലബ്ബിന്റെ ഭാഗമായി ധാരാളം വൃക്ഷത്തൈകളും, ഔഷധച്ചെടികളും, മാവുകളും, ഗാർഡനും ഒരുക്കിയിട്ടുണ്ട്. സ്കൂൾ സന്ദേശങ്ങൾ അറിയിക്കാൻ HS to LKG വരെ ശബ്ദസംവിധാനമൊരുക്കിയിട്ടുണ്ട്. ഹൈസ്കൂളിലെ ഒരു മുറി SSLC പരീക്ഷ പേപ്പർ ഉപയോഗിക്കാനുള്ള strong room ആയി ഉപയോഗിച്ചിരിക്കുകയാണ്. ലാബും ലൈബ്രറിയും സ്ഥലപരിമിതി കാരണം ഒരു മുറി രണ്ട് ഭാഗമായി പകുത്തുകൊണ്ടാണ് ഉപയോഗിക്കുന്നത്. വായനാമുറി ഇല്ലാത്തത് വലിയൊരു പരിമിതിയാണ്.

ഇംഗ്ലീഷ് വിഷയത്തിൽ സ്ഥിരം തസ്തിക ഇല്ലാത്തത് രക്ഷിതാക്കളെയും, വിദ്യാർത്ഥികളെയും ആശങ്കാകുലരാക്കുന്നുണ്ട്. ഗസ്റ്റ് അധ്യാപികയാണ് ഇപ്പോഴുള്ളത്. മറ്റ് വിഷയങ്ങൾക്ക് പര്യാപ്തമായ അധ്യാപിക അധ്യാപകന്മാരുണ്ട്. 10-ാം ക്ലാസ്സിൽ Morning / Evening class ആരംഭിച്ചിട്ടുണ്ട്. SSLC യിൽ 2024-25 ൽ 100% വിജയം കൈവരിച്ചിട്ടുണ്ട്. കൗമാര പ്രായമെത്തിയ ആൺ/പെൺ കുട്ടികൾക്ക് പരമാവധി കൗൺസിലിങ് നടത്താറുണ്ട്. ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനത്തിൽ വിവിധതരം പരിപാടികൾ സംഘടിപ്പിക്കാറുണ്ട്. ഊർജ്ജസംരക്ഷണം, JRC, സൂംബ ഡാൻസ്, യോഗ പരിശീലനം, കരാട്ടെ പരിശീലനം എന്നിവ നടത്തുകയും ചിലത് PTA യോഗതീരുമാനത്തിന് ശേഷം നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയായെടുത്ത് കുട്ടികളെ പരിസ്ഥിതിയുമായി ബന്ധപ്പെടുത്തുന്ന വിവിധങ്ങളായ കർമ്മപരിപാടികളിൽ ഏർപ്പെടുത്തുന്നു.

ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് വേണ്ടി protection group, ലഹരിവിരുദ്ധ ക്യാമ്പ്, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കാറുണ്ട്.

# പ്രവർത്തന വിശദാംശങ്ങൾ

## ഉപമേഖല മലയാളം

പ്രവർത്തനം 1 ഭാഷാ ശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ വിദ്യാർത്ഥികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷി വികസനം.<br><br>ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കൽ. | 1. അക്ഷരം ഉറപ്പിക്കൽ<br>2. ചിഹ്നം ഉറപ്പിക്കൽ<br>3. പദ നിർമ്മാണം<br>4. വാക്യ നിർമ്മാണം<br>5. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക ക്ലാസ് [9:30 am 10 am] | 3 മാസം<br><br>1 വർഷം | മലയാളം ടീച്ചേഴ്സ് | |
| 2. എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക. | 1. ക്ലാസ് വായന [ഗ്രൂപ്പ് രൂപീകരിക്കൽ]<br>2. ജനറൽ ലൈബ്രറി നവീകരണം<br>3. വായനാമൂല<br>4. ക്ലാസ് നിലവാരത്തിനനുസരിച്ച് പുസ്തകങ്ങൾ ലഭ്യമാക്കൽ<br>5. സ്കൂൾ ലൈബ്രറി പ്രവർത്തനം ശക്തിപ്പെടുത്തൽ<br>6. ദിനങ്ങൾ [illegible] പ്രത്യേകം സജ്ജീകരിക്കൽ<br>7. വായനോത്സവം<br>8. ജന്മദിന പുസ്തകം<br>9. പത്രവായന | 6 മാസം<br><br>ആവശ്യാനുസരിച്ച്<br>ഒരു വർഷം<br><br>6 മാസം<br><br>1 വർഷം | വിദ്യാരംഗം ചാർജ്<br><br>മലയാളം ടീച്ചർ<br><br>മലയാളം അധ്യാപകർ<br>SRG ലൈബ്രേറിയൻ ചാർജ്<br><br>മലയാളം ടീച്ചർ | |
| | | | | |

| | | | | |
|---|---|---|---|---|
| 3. പത്രവായന പരിപോഷിപ്പിക്കുക | പത്രവായന<br>1. പരമാവധി പത്രങ്ങൾ സ്കൂളിൽ എത്തിക്കൽ.<br>2. ഓരോ ക്ലാസിനും ഓരോ പത്രം<br>3. രാവിലെ പത്രവാർത്തകളുടെ അവതരണം.<br>4. പത്ര ക്വിസ്. | 3 മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരിക്കലും മാസത്തിലൊരിക്കൽ | മലയാളം ടീച്ചർ | |
| 4. സർഗ്ഗശേഷി വികസനം | 1. വായനാനുഭവം പങ്കുവെക്കൽ<br>2. സാഹിത്യ ക്വിസ്.<br>3. രചന ശില്പശാല<br>4. കവിതാലാപന മത്സരം<br>5. ക്ലാസ് തല സ്കൂൾ തല പത്രം<br>6. പുസ്തക ചർച്ച.<br>7. പുസ്തകാസ്വാദനം<br>8. സാഹിത്യകാരന്മാരുമായി സംവദിക്കൽ<br>9 അമ്മ വായന<br>10 സഞ്ചരിക്കുന്ന ലൈബ്രറി | 1 വർഷം | മലയാളം ടീച്ചർ | |
| ഉപമേഖല | ദിനാചരണങ്ങൾ | | | |
| 1. വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ, പഠന പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കൽ. | ജൂൺ മുതൽ മാർച്ച് വരെ | SRG<br>മലയാളം അധ്യാപകർ | |

## ഉപമേഖല
## അറബിക് ഭാഷാ പഠനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ലോക ഭാഷകളിൽ മൂന്നാം സ്ഥാനത്ത് നിൽക്കുന്ന അറബി ഭാഷ പഠിക്കാനും എഴുതാനും സംസാരിക്കാനുമുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | <u>മികവിന്റെ വഴിയിൽ</u><br>1. ചെറുപ്പം മുതൽ ഭാഷാശേഷികളുടെ വളർച്ച ഉറപ്പുവരുത്തുക.<br>2. മുന്നറിവ് പരിശോധന<br>3. അക്ഷരങ്ങൾ ഉറപ്പിക്കൽ<br>4. വാചകങ്ങൾ നിർമ്മിക്കൽ<br>5. ഭാഷാകേളികൾ<br>(ചിത്രങ്ങൾ, വർക്ക്ഷീറ്റുകൾ, ICT) | 2 മാസം | അറബിക് അധ്യാപകൻ<br>BRC<br>LSG | BRC<br>LSG<br>SMC<br>PTA |
| 2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷ പഠനനേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പുവരുത്തുക | <u>വായനാവസന്തം</u><br>1. വായനാമത്സരം<br>2. ക്ലാസ് ലൈബ്രറി<br>3. സ്കൂൾ ലൈബ്രറി<br>4. E-വായന<br>5. വായനക്കുറിപ്പുകൾ<br>6. ചുമർ ചിത്രങ്ങൾ<br>7. പോസ്റ്ററുകൾ<br>8. ഭാഷാകേളികൾ | 12 മാസം | അറബിക് ടീച്ചർ.<br>LP/UP/HS<br>അസംബ്ലി<br>സ്കൂൾ ലൈബ്രറി | BRC<br>LSG<br>SMC<br>PTA<br>OSF |
| 3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാശേഷി വർദ്ധിപ്പിക്കുവാനുള്ള സാഹചര്യം ക്ലാസ് മുറികളിൽ ഒരുക്കുക. | <u>എഴുത്തുത്സവം</u><br>1. എഴുത്തുകൂട്ടം<br>2. പതിപ്പുകളുടെ നിർമ്മാണം<br>3. വായനാക്കുറിപ്പ് ശേഖരണം<br>4. ഇൻലാന്റ് മാസിക<br>5. ചുമർ ചിത്രങ്ങൾ<br>6. പോസ്റ്ററുകൾ<br>7. ഭാഷാകേളികൾ | 12 മാസം | അറബി അധ്യാപകർ<br>അസംബ്ലി) | PTA<br>BRC<br>DIET |
| 4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യങ്ങളും, മനോഭാവങ്ങളും ഭാഷാ പഠനത്തിലൂടെ ഉറപ്പുവരുത്തുന്നു. | <u>അറബിക് കൺവെൻഷൻ</u><br>1. ആശയവിനിമയ വേദി (ക്ലാസ് തലം സ്കൂൾ തലം)<br>2. മൊബൈൽ ലിസണിംഗ്, സ്പീക്കിംഗ് | | | |

PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| 5. ഭാഷാപഠനത്തിൽ ഹൈടെക് സാധ്യത ഉപയോഗപ്പെടുത്തുന്നതും വികസിപ്പിക്കുവാനും ഉള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുന്നു. | 1. യാത്രകൾ<br>2. അനുബന്ധ മേഖല (നിഘണ്ടു, വ്യാകരണം, മൊഴിമുത്തുകൾ, സംസ്കാരം.)<br>3. ഭാഷാകേളികൾ<br>4. ഭാഷാ ഉദ്ഭവം<br>5. ഭാഷാ ക്യാമ്പ് | | | |
| 6. സർഗ്ഗ കഴിവുകൾ പഠനത്തിലൂടെ വികസിപ്പിക്കുക. | ലാംഗ്വേജ് ലാബ്<br>1. സ്മാർട്ട് ക്ലാസ് റൂം<br>2. അനന്ത ഭാഷാ സാഹിത്യ ശേഖരണങ്ങൾ.<br>3. ചിത്രീകരണങ്ങൾ<br>4. സിനിമ<br>5. അനിമേഷൻ<br>6. സോഷ്യൽ മീഡിയ ആക്ടിവിറ്റീസ് | 12 മാസം | രക്ഷിതാക്കൾ അധ്യാപകർ | BRC<br>LSG<br>SMC<br>OFC |
| | | | | |

# ഉറുദു ഭാഷാപഠനം

| ലക്ഷ്യം | പ്രവർത്തനം | സമയം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| 1. ഉറുദു ഉച്ചാരണ ശുദ്ധിയോടെ ഒഴുക്കോടെ വായിക്കുവാനുള്ള കഴിവ് കുട്ടികളിൽ വികസിപ്പിക്കുക. | 1. പാഠഭാഗം [വായന]<br>2. വായനാമത്സരങ്ങൾ<br>3. ബാലമാസികകൾ<br>4. ഉറുദുപത്രങ്ങൾ<br>5. വായനാ കാർഡുകൾ തുടങ്ങിയവ ലഭ്യമാക്കൽ. | ഓരോ ടേമിന്റെയും അവസാനം വരെ | ഉറുദു ടീച്ചർ<br>ഉറുദു സബ്ജക്ട് കൗൺസിൽ | |
| 2. രചനാശേഷി വളർത്താൻ; ഉറുദുവിൽ മികച്ച കൈയെഴുത്ത് മാസിക ലക്ഷ്യമാക്കി കുട്ടികളുടെ സർഗാത്മകത വളർത്തുന്നതിന് വേണ്ടി കൈയെഴുത്ത് മാഗസിൻ. | 1. കയ്യെഴുത്തു മാഗസിൻ | അധ്യയന വർഷാവസാനം വരെ | രചനകൾ | |
| 3. പൊതുവായനം ഉറുദുവിൽ ഉള്ളതുമായ പൊതു വിജ്ഞാനം കുട്ടികളിലെത്തിക്കുക. | ഉറുദു | | ഉറുദു സബ്ജക്ട് കൗൺസിൽ | |
| 4. വിവിധ ദിനാചരണങ്ങൾ ഭാഷാശേഷി വളർത്താനും സർഗ്ഗാത്മക വളർത്താനും | ഉറുദുപൊതു വിജ്ഞാനം | അതാത് ദിനാചരണങ്ങളിൽ | ക്വിസ് മത്സരം<br>ദിനാചരണ പരിപാടികൾ | |
| | | | | |

## ഉപമേഖല ഇംഗ്ലീഷ് ഭാഷാ പഠനം

### പ്രവർത്തനം. 1 ഭാഷാശേഷി വികസനം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും നന്നായി ഇംഗ്ലീഷ് വായിക്കുവാനും സംസാരിക്കാനും എഴുതാനുമുള്ള ശേഷി വികസനം. | 1. ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ<br>2. ഇംഗ്ലീഷ് ക്ലബ്ബിന്റെ പ്രവർത്തനം കാര്യക്ഷമമാക്കൽ<br>3. ഇംഗ്ലീഷിൽ ഡിബേറ്റ്<br>4. സെമിനാർ<br>5. പ്രസംഗം തുടങ്ങിയവ സംഘടിപ്പിക്കൽ<br>6. ആഴ്ചയിൽ 1 ദിവസം ഇംഗ്ലീഷ് അസംബ്ലി.<br>7. ഇംഗ്ലീഷ് ഡയറി. | എല്ലാ ക്ലാസ്സും<br>ആഴ്ചയിൽ 1 ദിവസം<br>ഒരു വർഷത്തേക്ക്.<br>ക്ലാസ് ടീച്ചർ<br>ഇംഗ്ലീഷ് അധ്യാപകർ | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി<br>ക്ലാസ് ടീച്ചർ. | |
| പ്രവർത്തനം.2 | ഇംഗ്ലീഷ് തിയേറ്റർ | | | |
| 1 ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക ശേഷി വികസനം. | 1. ഇംഗ്ലീഷ്, കഥ, കവിത, രചന ക്യാമ്പ്, ഉല്പന്നങ്ങൾ പ്രസിദ്ധീകരിക്കൽ [CPTA]<br>2. പാഠഭാഗങ്ങളെ വ്യത്യസ്ത വ്യവഹാര രൂപങ്ങളിലേക്ക് മാറ്റി അവതരണം.<br>സ്കിറ്റ്, നാടകം, സംഭാഷണം തുടങ്ങിയ രീതികൾ.<br>3. ഇംഗ്ലീഷ് ന്യൂസ് റീഡിംഗ്<br>4. ഇംഗ്ലീഷ് സിനിമ പ്രദർശനം.<br>5 Spoken English. | 3 മാസത്തിലൊരിക്കൽ<br>മാസത്തിലൊരിക്കൽ<br>ആഴ്ചയിൽ 2 ദിവസം | ഇംഗ്ലീഷ് ടീച്ചർ<br>ഇംഗ്ലീഷ് ക്ലബ്ബ്.<br>ഇംഗ്ലീഷ് ടീച്ചർ | |
| 1. വായന പരിപോഷിപ്പിക്കൽ. | 1. ക്ലാസ് ലൈബ്രറിയിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങളും പുസ്തകങ്ങളും ഉൾക്കൊള്ളിക്കൽ<br>2. വായനാക്കുറിപ്പ് തയ്യാറാക്കൽ.<br>3. | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ടീച്ചർ. | |

PDF Scanner ACE Scanner

| | | | | |
|---|---|---|---|---|
| 1 കുട്ടികളുടെ രചനകൾ സമൂഹത്തിലേക്ക് | 1. കുട്ടികളുടെ രചനകൾ സ്കൂൾ വിക്കിയിൽ ചേർക്കൽ | ആഴ്ചയിൽ 1 ദിവസം | ഇംഗ്ലീഷ് ടീച്ചർ ക്ലബ്ബ് സെക്രട്ടറി | |

# ഹിന്ദി
## മേഖല - അക്കാദമികം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പു വരുത്തുക. | 1. ഹിന്ദി ന്യൂസ്പേപ്പർ വായിക്കാനുള്ള സന്ദർഭമൊരുക്കൽ | 2 മാസം | | |
| | 2. ലൈബ്രറിയിൽ നിന്നുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക | ഹിന്ദി ടീച്ചർ | | |
| | 3. ഹിന്ദി ക്ലബ്ബിനെ ഊർജ്ജസ്വലമാക്കി കൂട്ടത്ത് ശക്തിപ്പെടുത്തുകയും അംഗത്വമാക്കുകയും ചെയ്യുക | | | |
| | 4. ആഴ്ചയിൽ ഒരു ദിവസമെങ്കിലും ഹിന്ദിയിൽ അസംബ്ലി സംഘടിപ്പിക്കുക. | SRG ഹിന്ദി ടീച്ചർ | | |
| | 5. ഹിന്ദി നാടകാവതരണം | | | |
| | 6. ഹിന്ദി പ്രസംഗം, കവിതാലാപനം ഇവ പരിശീലിപ്പിക്കുക. | ഹിന്ദി ടീച്ചർ | | |

ACE Scanner

# സോഷ്യൽ സയൻസ്

## ഉപമേഖല: മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | 1. പ്രകടന പത്രിക<br>2. പ്രചരണം<br>3. Meet the candidate<br>4. ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്<br>5. എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രൂപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിലൊരിക്കൽ | സോഷ്യൽ സയൻസ് അധ്യാപകൻ<br>സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |
| ഉപമേഖല | ലൈബ്രറി കോർണർ | | | |
| 1. സാമൂഹ്യ ശാസ്ത്ര പഠനം ത്വരിതമാക്കൽ | 1. അധ്യാപകർക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, എന്നിവയിൽ പ്രദർശിപ്പിക്കൽ, തുടർന്ന് ക്ലാസ് ലൈബ്രറി വഴി വിതരണം നടത്തൽ | വർഷത്തിൽ ഒരു തവണ<br>ആഴ്ചയിൽ ഒരു തവണ | സോഷ്യൽ സയൻസ് അധ്യാപകർ | |
| ഉപമേഖല | ബുള്ളറ്റിൻ ബോർഡ്. | | | |
| 1. സാമൂഹ്യശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തലുകൾ - പ്രദർശനം. | 1. എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും ഉതകുന്ന രീതിയിൽ സോഷ്യൽ സയൻസ് കോർണറിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് പതിപ്പിക്കൽ. | എല്ലാ ദിവസവും<br>1 വർഷം | സോഷ്യൽ സയൻസ് ക്ലബ്ബ്. | |
| 2. പഠനയാത്രയിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ക്ഷേത്രങ്ങൾ, ചുവർചിത്രങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കാൻ | 1. സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | പഠന ടൂർ | സോഷ്യൽ സയൻസ് ടീച്ചേഴ്സ് | |

| ഉപമേഖല | പ്രവർത്തനങ്ങൾ സംവാദം - സെമിനാർ | | |
|---|---|---|---|
| 1. ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം ഉൾപ്പെടുന്ന വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | 1. സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, സെമിനാർ, പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ. | പാഠഭാഗത്തിനനുസരിച്ച്. | സോഷ്യൽ സയൻസ് ടീച്ചേഴ്സ് |
| 2. സ്വാതന്ത്ര്യ സമര സേനാനികളെ അറിയുക | 2. സ്വാതന്ത്ര്യ സമര സേനാനികളെക്കുറിച്ചുള്ള വിവരങ്ങൾ ശേഖരിച്ച് പതിപ്പ് നിർമ്മാണം. | 2 മാസം | SS CLUB |
| 3. ലോക രാജ്യങ്ങളെ അറിയുക. | 3. ഓരോ ആഴ്ചയിലും ഓരോ രാജ്യത്തെ പരിചയപ്പെടുക | 1 വർഷം | SS CLUB |

# അടിസ്ഥാന ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം. |
|---|---|---|---|---|
| 1. കുട്ടികളിൽ ശാസ്ത്ര അഭിരുചി വളർത്തൽ | 1. ശാസ്ത്രീയ തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണങ്ങൾ. | 1 വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്ബ് | |
| | 2. പരീക്ഷണങ്ങൾ പൊതു ജനത്തിനു മുന്നിൽ പ്രദർശിപ്പിക്കൽ. | | സയൻസ് ക്ലബ്ബ് | |
| | 3. സ്കൂൾതല സയൻസ് എക്സിബിഷൻ | | സയൻസ് ക്ലബ്ബ് | |
| | 4. മേളകൾക്ക് പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോത്സാഹനം നൽകുക. | | | |
| 2. ശാസ്ത്ര മേളകളിലെ പങ്കാളിത്തം ഉറപ്പു വരുത്തുക. | വർഷത്തിലൊരിക്കൽ ശാസ്ത്ര മേളയിൽ പങ്കെടുക്കൽ | വർഷത്തിലൊരിക്കൽ | | |
| 1. ശാസ്ത്ര ലാബ് നവീകരണം | 1. LP/UP/ വിഭാഗങ്ങളിലെ അടിസ്ഥാന ശാസ്ത്രവുമായി ബന്ധപ്പെട്ട കാര്യങ്ങൾ — ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട ഉപകരണങ്ങളും മറ്റ് സാമഗ്രികളും പ്രത്യേകം സജ്ജീകരിക്കൽ | 1 വർഷം | SRG<br>സയൻസ് ക്ലബ്ബ്<br>PTA<br>BRC | |
| 1. ശാസ്ത്ര മാസിക ശാസ്ത്ര പതിപ്പ് തയ്യാറാക്കൽ | 1. കുട്ടികൾ തയ്യാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രമാസിക, ശാസ്ത്ര പതിപ്പ് എന്നിവ തയ്യാറാക്കൽ | 6 മാസത്തിലൊരിക്കൽ | SRG<br>സയൻസ് ടീച്ചർ | |
| 1. മോഡൽ നിർമ്മാണം | 1. ശാസ്ത്രവുമായി ബന്ധപ്പെട്ട മോഡലുകൾ ശില്പശാലയിലൂടെ നിർമ്മിക്കൽ | 1 മാസം | SRG<br>സയൻസ് ക്ലബ്ബ്. | |

PDF Scanner ACE Scanner

## ഉപമേഖല - പരിസ്ഥിതി സംരക്ഷണം.

| | | | | |
|---|---|---|---|---|
| 1. ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | 1. ജൈവ വൈവിധ്യ പാർക്കിനാവശ്യമായ തൈകൾ നടൽ. | 1 മാസം | SRG സ്റ്റാഫ് ക്ലബ്. | |
| 2. ഔഷധത്തോട്ട നിർമ്മാണം | 2. വിവിധങ്ങളായ ഔഷധ ചെടികൾ നട്ടുവളർത്തുന്നു. | 3 മാസം | ECO club | |
| 3. മിയാവാക്കി വനം | 3 മിയാവാക്കി വനത്തിനാവശ്യമായ വൃക്ഷത്തൈകൾ നടുന്നു | ECO CLUB 1 Year | ECO CLUB | |
| 4. പൂന്തോട്ട സംരക്ഷണം | 4. സ്കൂളിന്റെ മുന്നിൽ നിർമ്മിച്ച പൂന്തോട്ടത്തിന്റെ വിശദപരിപാലനം | 1 Year | ECO CLUB | |
| 5. പച്ചക്കറി, വാഴത്തോട്ട നിർമ്മാണം | 5 പച്ചക്കറിത്തോട്ടവും വാഴത്തോട്ടവും ഇക്കോ ക്ലബ്ബിന്റെ സഹായത്തോടെ നിർമ്മിക്കുന്നു | 1 year | ECO CLUB | |
| 6. നാട്ടുമാവ്/തേന്മാവ് സംരക്ഷണം | 6 സ്കൂൾ കോമ്പൗണ്ടിലുള്ള നാട്ടുമാവ് സംരക്ഷിക്കുന്നു | 1 year | ECO CLUB | |
| 1. പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾക്ക് പ്രത്യേക പരിശീലനം. | അധ്യാപകർ - കുട്ടി, കുട്ടി - കുട്ടി, peer group എന്നിങ്ങനെ 2 തരത്തിൽ പരിശീലനം | ആഴ്ചയിൽ 2 ദിവസം | SRG സ്റ്റാഫ് കൗൺസിൽ | |

PDF Scanner ACE Scanner

| ഉപമേഖല | ഗണിതം | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. ഗണിത പഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുകയും ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുന്നു. | 1 മാസം ലാബ് സജ്ജീകരണം | പി.ടി.എ ഗണിത ടീച്ചർ | |
| | 2. ജാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നല്കി വിദ്യാലയത്തിൽ ഗണിത പാർക്ക് നിർമ്മിക്കൽ. | പാർക്ക് സജ്ജീകരണം 2 മാസം [June July] | ഗണിത ടീച്ചർ | |
| 1. ഗണിതത്തിലെ അടിസ്ഥാന ആശയം ഉറപ്പിക്കൽ | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ | ജൂൺ ജൂലൈ [2 മാസം] | ഗണിത ടീച്ചർ | |
| 1. ഗണിത ക്ലിനിക്ക് | 1. മടുമവും മികച്ച വിദ്യാർത്ഥികളെയും, അധ്യാപകരെയും ഉൾപ്പെടുത്തി ഗണിത ക്ലിനിക്ക് പ്രവർത്തികമാക്കൽ. | 1 വർഷം | ഗണിത ക്ലബ്ബ് | |

# ഉപമേഖല കായികം

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | പിന്തുണ |
|---|---|---|---|---|
| 1. കുട്ടികളുടെ വ്യക്തിഗത കായികശേഷി വർദ്ധിപ്പിക്കൽ | 1. ആൺ കുട്ടികൾക്കും പെൺ കുട്ടികൾക്കും കായികപരിശീലനം നൽകൽ | കായിക അധ്യാപകൻ. | ജൂൺ to മാർച്ച് | PTA Teachers |
| 2. Zumba dance Warm up exercise പരിശീലനം നൽകി മാനസിക കായിക ക്ഷമത വർദ്ധിപ്പിക്കുക | 2. Zumba dance പരിശീലനങ്ങൾ Warm up exercise യോഗാപരിശീലനം എന്നിവ നൽകൽ | അധ്യാപകർ | ജൂൺ to മാർച്ച് | PTA Teachers |
| 3. ആരോഗ്യകായിക വിദ്യാഭ്യാസ ടെക്സ്റ്റ് | 3. ആരോഗ്യകായിക വിദ്യാഭ്യാസ ടെക്സ്റ്റ് പുസ്തകം പരിചയപ്പെടുത്തൽ. | അധ്യാപകർ | ജൂൺ to മാർച്ച് | ടീച്ചേഴ്സ് |
| **ഉപമേഖല** | **കലാപരിപോഷണം** | | | |
| 1. കുട്ടികളുടെ സർഗ്ഗവാസന വളർത്തി പ്രോത്സാഹിപ്പിക്കൽ. | 1. കുട്ടികളുടെ സർഗ്ഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ. 2. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാലാപനം തുടങ്ങി വ്യത്യസ്തങ്ങളായ കഴിവുകളുള്ള കുട്ടികളെ കണ്ടെത്തി അവരുടെ സർഗ്ഗവാസനകൾ പരിപോഷിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകൽ. | അധ്യാപകർ SRG | ജൂൺ to മാർച്ച് | പി.ടി.എ. |
| **ഉപമേഖല** | **പ്രവൃത്തിപരിചയം** | | | |
| 1. വിവിധതരം അലങ്കാര വസ്തുക്കൾ നിർമ്മിക്കാനുള്ള ശില്പശാല | 1. അലങ്കാര വസ്തുക്കൾ നിർമ്മിക്കാനാവശ്യമായ പരിശീലനം നൽകൽ. 2. ശില്പശാല സംഘടിപ്പിക്കൽ 3. മേളോത്സവത്തിൽ പങ്കെടുക്കാനാവശ്യമായ പരിശീലനം നൽകൽ. | Teachers Experts Teachers | 2 months | PTA TEACHERS |

# ഉപമേഖല കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | ചുമതല | കാലം | സാമ്പത്തികം |
|---|---|---|---|---|
| 1. വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ | 1. ആത്മവിശ്വാസം, ധൈര്യം ഇവ വർദ്ധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങളെ പരിഹരിക്കുക. | കൗൺസിലിങ് ടീച്ചർ | June to March | BRC |
| 2. നല്ല വ്യക്തിത്വമുള്ളവരാക്കൽ | 2. നിരന്തര കൗൺസിലിങ്ങിലൂടെ വ്യക്തി വികാസം ഉറപ്പുവരുത്തുക. | കൗൺസിലിങ് ടീച്ചർ Experts | [illegible] 3 മാസം ഇടവിട്ട് | |
| 3. കൗമാര വിദ്യാഭ്യാസം നൽകൽ | 3 കൗമാര പ്രായത്തിലെത്തിയ കുട്ടികൾക്ക് ബോധവത്കരണ ക്ലാസ്സ് നൽകൽ | മുനിസിപ്പാലിറ്റി കൗൺസിലിങ് പ്രവർത്തകർ ഡോക്ടർ | 2 മാസം ഇടവിട്ട് | മുനിസിപ്പാലിറ്റി ഫണ്ട് BRC |
| 4. പഠന പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് പരിശീലനം | 4. BRC വഴി നിയമിതരായ Specialist teachers പഠന പിന്നാക്കം നിൽക്കുന്ന കുട്ടികൾക്ക് പരിശീലനം നൽകുന്നു | IED Specialist Teachers | വർഷത്തിൽ ഇടവിട്ട് | BRC മുനിസിപ്പാലിറ്റി. |

# പരിമിതികൾ

വിദ്യാലയങ്ങളെല്ലാം ഹൈടെക്കായ കാലഘട്ടത്തിലും ധാരാളം അക്കാദമിക/അക്കാദമികേതര പരിമിതികൾ അനുഭവിക്കുന്ന സ്കൂളാണ് നമ്മുടേത്. ഹൈസ്കൂൾ വിഭാഗത്തിൽ ഇംഗ്ലീഷിന് സ്ഥിര അധ്യാപകരില്ല. പ്രവൃത്തിപരിചയം, കായികം, കലാരംഗം എന്നീ മേഖലകളിൽ അധ്യാപകരില്ലാത്തത് ഈ മേഖലയിലെ പുരോഗതിക്ക് വിഘാതമായി നില്ക്കുന്ന ഘടകങ്ങളാണ്. അധ്യാപകരുടെയും, പുറത്തുനിന്നുള്ള കോച്ചിന്റെ സഹായത്തോടെ 200, 400 മീറ്റർ ഓട്ടമത്സരത്തിൽ ജിതിൻ കുമാറിന് സംസ്ഥാന തലം വരെ എത്താൻ സാധിച്ചിട്ടുണ്ട്. ചിട്ടയായ സഹായത്താൽ ഇത്തരം പോസ്റ്റിലുള്ളവരെ നിയമിക്കണമെങ്കിൽ അതിനാവശ്യമായ സാമ്പത്തിക പിന്തുണ ഇല്ല എന്നത് ഒരു എടുത്തു പറയത്തക്ക പരിമിതിയാണ്. അധ്യാപകർ സ്വന്തം കൈയ്യിൽ നിന്ന് സാമ്പത്തിക സഹായങ്ങൾ നല്കിക്കൊണ്ടാണ് ഇത്രയും കാലം മുന്നോട്ട് പോകാൻ കഴിഞ്ഞത്.

എൽ.പി. വിഭാഗത്തിലെ കെട്ടിടത്തിന്റെയും ശൗചാലയത്തിന്റെയും പ്രശ്നങ്ങൾ പരിഹരിച്ച് വിദ്യാർത്ഥികൾക്ക് പ്രാഥമിക കർമ്മങ്ങൾ നിർവ്വഹിക്കാനുള്ള സൗകര്യം ഒരുക്കേണ്ടതാണ്. LKG to LP വിഭാഗത്തിലെ കുട്ടികൾക്ക് 1 ടോയ്‌ലറ്റ് മാത്രമേ ഉപയോഗയോഗ്യമായിട്ടുള്ളൂ. ടോയ്‌ലറ്റിനുള്ളിലേക്ക് ആൽമരം വളർന്ന് ക്ലോസറ്റ് തകർന്ന് ഉപയോഗരഹിതമായിരിക്കുകയാണ്. തലശ്ശേരി മുൻസിപ്പാലിറ്റിയിൽ പരാതി നല്കിട്ടുപോലും യാതൊരുവിധ നടപടിയുമുണ്ടായില്ല. പ്രൈമറി വിഭാഗം കുട്ടികൾക്ക് ഇത് വല്ലാത്ത വിഷമം സൃഷ്ടിക്കുന്നുണ്ട്.

കൂടാതെ സ്കൂളിലെ കുടിവെള്ള സ്രോതസ്സായ കിണർ ശുദ്ധജലത്തിന് ഉപയോഗയോഗ്യമല്ലാത്തതാണ്. കുടിവെള്ളത്തിനാവശ്യമായ ജലത്തിന് വാട്ടർ അതോറിറ്റിയുടെ ജലമാണ് ഉപയോഗിക്കുന്നത്.

സ്കൂളിന്റെ മുൻവശം മുഴുവൻ ഇന്റർലോക്ക് സംവിധാനം ഏർപ്പെടുത്തിയാൽ കളിസ്ഥലത്തിന്റെ പരിമിതി പരിഹരിക്കാവുന്നതാണ്. സ്കൂളിന്റെ മുൻവശത്തിലൂടെ അതീവ വേഗതയിലാണ് വാഹനങ്ങൾ പോകുന്നത്. അവിടെ hump സ്ഥാപിച്ചാൽ സ്കൂൾ വിടുന്ന സമയങ്ങളിൽ കുട്ടികൾക്ക് സുരക്ഷിതമായി bus stop-ലേക്ക് പോകാൻ കഴിയുന്നതാണ്. Bus stop-ൽ അധ്യാപകർ ഡ്യൂട്ടിക്ക് നിൽക്കാറുണ്ടെങ്കിലും പോലീസിന്റെ മേൽനോട്ടം സാന്നിധ്യവും ആവശ്യപ്പെട്ടിരുന്നു. ഇതുവരെ ലഭ്യമായിട്ടില്ല.

# അക്കാദമിക മികവിനായ് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ.

## വികസന ലക്ഷ്യങ്ങൾ

1- ഭാഷാശേഷി വികസനം
2- ഗണിത ശേഷി വികസനം
3- ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4- ലബോറട്ടറി നവീകരണം [ശാസ്ത്രം, ഗണിതം, സോഷ്യൽ സയൻസ്]
5- ലൈബ്രറി ശാക്തീകരണം
6- ജൈവവൈവിധ്യപാർക്ക്, മിയാവാക്കിവനം, ഔഷധത്തോട്ടം പച്ചക്കറിത്തോട്ടം
7- ലഹരിവിരുദ്ധപ്രവർത്തനങ്ങൾ.
8- സ്കോളർഷിപ്പ് പരീക്ഷാപരിശീലനം
9- പഠനയാത്രകൾ
10- സ്കൂൾ പത്രം, മാസിക
11. വായനാമൂലയൊരുക്കൽ
12. അധ്യാപക ശാക്തീകരണം ~~അ~~ സ്കൂൾതലം, SRG തലം
13. കലാ, കായിക, പ്രവൃത്തിപരിചയ പരിപോഷണം.
14. ബോധവൽക്കരണ ക്ലാസുകൾ
15. മെഡിക്കൽ ക്യാമ്പ് (പോളിയോ, കണ്ണ്)
16. ഐ.ടി. പഠനം കാര്യക്ഷമമാക്കൽ
17. JRC/Little Kite പ്രവർത്തനം കാര്യക്ഷമമാക്കൽ
18. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, ഐ.ടി, പ്രവൃത്തിപരിചയ മേളകൾ സജീവമാക്കൽ
19. ക്ലാസ് P.T.A കാര്യക്ഷമമാക്കൽ
20. യോഗാപരിശീലനം.
21. പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും കരാട്ടെ പരിശീലനം.

ACE Scanner